**പതിനാലാം കേരളനിയമസഭ**
**ഒമ്പതാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1930** | **01.02.2018-ൽ മറുപടിക്ക്** |

## പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം

| | ചോദ്യം<br>ശ്രീ. അൻവർ സാദത്ത് | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | പോലീസ് സേനയിലെ വനിതകളുടെ പ്രാതിനിധ്യം 15 ശതമാനം ആയി ഉയർത്തുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; നിലവിലെ വനിതാ പ്രാതിനിധ്യം എത്രയാണ്; | (എ) | പോലീസ് സേനയിലെ വനിതകളുടെ പ്രാതിനിധ്യം ഉയർത്തുന്നതിന്റെ ഭാഗമായി പുതുതായി സൃഷ്ടിക്കുന്ന പുരുഷ പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുന്ന സമയത്ത് ആയതിന്റെ 15% വനിതകൾക്കായി നീക്കിവയ്ക്കുന്നുണ്ട്. പോലീസ് സേനയിലെ വനിതാ പ്രാതിനിധ്യം നിലവിൽ 8.43% ആണ്. |
| (ബി) | താലൂക്ക് തലത്തിൽ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമായിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | താലൂക്ക് തലത്തിൽ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ച് വരുന്നു. 10 പോലീസ് ജില്ലകളിൽ വനിതാ പോലീസ് സ്റ്റേഷനുകൾ നിലവിലുണ്ട്. കൊല്ലം റൂറൽ, കോഴിക്കോട് റൂറൽ, പത്തനംതിട്ട, പാലക്കാട്, വയനാട്, കാസർഗോഡ്, ഇടുക്കി, തിരുവനന്തപുരം റൂറൽ, എറണാകുളം എന്നിവിടങ്ങളിൽ വനിതാ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള ശുപാർശ സർക്കാർ പരിശോധിച്ച് വരുന്നു. |
| (സി) | എല്ലാ പഞ്ചായത്തുകളിലും മുൻകൂട്ടി പ്രഖ്യാപിച്ച തീയതികളിൽ ഒരു വനിതാ പോലീസ് ഓഫീസർ സന്ദർശിക്കുമെന്ന തീരുമാനം നടപ്പിൽ വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ? | (സി) | നടപ്പിൽവരുത്തിയിട്ടുണ്ട്. ആഴ്ചയിലൊരിക്കൽ അതാത് പോലീസ് സ്റ്റേഷൻ പരിധിയിലെ പഞ്ചായത്തുകളിൽ വനിതാ പോലീസ് ഓഫീസർമാർ സന്ദർശനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ